# തിരുവനന്തപുരം നഗരസഭ

'എന്റെ നഗരം സുന്ദര നഗരം'



## സവിശേഷതകൾ

- തെരഞ്ഞെടുത്ത വാർഡുകളിൽ സർവ്വീസ് പ്രൊവൈഡർമാരുടെ പിന്തുണയോടെ യൂസർ ഫീ ശേഖരിച്ച് ബിസിനസ് മാതൃകയിൽ ഗാർഹിക ഉറവിട ജൈവമാലിന്യ സംസ്കരണവും അജൈവമാലിന്യ ശേഖരണവും
- ഗാർഹിക മാലിന്യ സംസ്കരണത്തിനായി പലതരം ഉപാധികൾ
- വികേന്ദ്രീകൃത പൊതുസംവിധാനങ്ങൾ ഒരുക്കുന്നതിൽ കാര്യമായ പുരോഗതി

# ജൈവമാലിന്യ സംസ്കരണം

**ഏയറോബിക് ബിന്നുകൾ**

534 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള 267 എയ്റോബിന്നുകൾ 30 ഇടങ്ങളിലായി നഗരസഭ സ്ഥാപിച്ചു. ഇതിലൂടെ 8000 വീടുകളിൽ നിന്നുമുള്ള 12 ടൺ മാലിന്യം ദിവസേന സംസ്കരിക്കപ്പെടുന്നു. കൂടാതെ 5 മാർക്കറ്റുകളിൽ നിന്നുമായി ഏകദേശം 5 ടൺ മാലിന്യവും എയ്റോബിക് ബിന്നുകളിലൂടെ കൈകാര്യം ചെയ്യുന്നു.

മാറ്റി സ്ഥാപിക്കാൻ കഴിയുന്ന തുമ്പൂർമുഴി ബിന്നുകളും നഗരസഭ വികസിപ്പിച്ചിട്ടുണ്ട്. പൊതു ചടങ്ങുകൾ നടക്കുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി ഉപയോഗിക്കാൻ കഴിയുന്ന വിധമാണ് ഇവ രൂപ കല്പന ചെയ്തിട്ടുള്ളത്.

**വികേന്ദ്രീകൃത പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ**



മാറ്റി സ്ഥാപിക്കാവുന്ന തുമ്പൂർമുഴി എയ്റോബിക് ബിന്നുകൾ

## കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ

55 ടൺ മാലിന്യം ദിവസേന സംസ്ക്കരിക്കാൻ കഴിയുംവിധം 50 ബയോഗ്യാസ് പ്ലാന്റുകൾ, മാർക്കറ്റുകൾ, സ്കൂളുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലായി സ്ഥാപിച്ചു.




## ഓർഗാനിക് വേസ്റ്റ് കൺവേർട്ടേഴ്സ്

250 വീടുകൾ ഉൾപ്പെട്ട പോലീസ് ക്വാർട്ടേർസിലാണ് ഇവ സ്ഥാപിച്ചിട്ടുളളത്. ആളുകൾ സമൂഹമായി താമസിക്കുന്ന ഇടങ്ങൾക്ക് യോജിച്ച സംവിധാനങ്ങളാണ് ഇത് എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്




## ബയോബിന്നുകൾ

109 ഓളം ഫ്ളാറ്റുകളിൽ ക്രഡായിയുടെ സഹകരണത്തോടെ ബയോബിന്നുകൾ



## അജൈവ മാലിന്യ സംസ്കരണം

### മെറ്റീരിയൽ റിക്കവറി സംവിധാനം

നഗരസഭ 35 അജൈവ മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു.




### റിസോർസ് റിക്കവറി ഫെസിലിറ്റി

രണ്ടു റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ. മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കാനായി പ്രത്യേകം അറകൾ, ഡസ്റ്റ് റിമൂവർ, ഷ്രെഡർ, ബെയിലിംഗ് മെഷീൻ.




### മാലിന്യ ശേഖരണ ഡ്രൈവുകൾ

മാധ്യമങ്ങളിലൂടെ മുൻകൂട്ടി അറിയിച്ച് നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സ്ഥലങ്ങളിൽ നഗരസഭ മാലിന്യം ശേഖരണ ഡ്രൈവുകൾ സംഘടിപ്പിച്ചു വരുന്നു.

എം.ആർഎഫ് കളെയും ആർ.ആർ.സി.കളെയും എല്ലാ ദിവസവും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റി. ദിവസേന 16 മണിക്കൂർ പ്രവർത്തനസമയമുള്ള മൊത്തം 30 കേന്ദ്രങ്ങളാണ് ഇതിലൂടെ സജ്ജമായത്.



ഡ്രൈവിലൂടെ ശേഖരിച്ച പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ റീസൈക്ലിംഗിനായി കയറ്റി അയയ്ക്കുന്നതിന് മുമ്പ്

**<u>കളക്ഷൻ കലണ്ടർ</u>**

എല്ലാ മാസവും തീയതികൾ മുൻകൂട്ടി നിശ്ചയിച്ച് ഏതെല്ലാം ദിവസം ഏതെല്ലാം തരം അജൈവ മാലിന്യം എവിടെയൊക്കെ ശേഖരിക്കും എന്ന് പൊതുജനങ്ങൾക്ക് അറിയിപ്പു നൽകി ശേഖരിക്കുന്ന സംവിധാനം ഏർപ്പെടുത്തി. അമല എക്കോ ക്ലീൻ എന്ന കമ്പനിയുമായി സഹകരിച്ച് ഇറച്ചി, മൽസ്യ മാർക്കറ്റുകൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവടങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. ഇതിനായി ലോഗ് ബുക്ക് എല്ലാ സ്ഥാപനങ്ങളിലും സൂക്ഷിക്കുന്നുണ്ട്. ഹെൽത്ത് സൂപ്പർവൈസർമാർ ഇത് കൃത്യമായി സൂപ്പർവൈസ് ചെയ്യുന്നുമുണ്ട്

